പോലീസിന്റെ സേവനവേതന നിരക്കുകൾ

* 560 [595] ശ്രീ. ജി.പി. മംഗലത്തുമഠം:
,, എൻ.ഐ. ദേവസ്യ നടക്കുട്ടി:
,, എ.എ. റഹിം:
,, സേവ്യർ അറയ്ക്കൽ:
,, കെ. രാഘവൻ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസിന്റെ സേവനവേതന നിരക്കുകൾ വർദ്ധിപ്പിക്കണമെന്നുള്ള കേന്ദ്ര-പോലീസ് കമ്മീഷന്റെ നിർദ്ദേശം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇക്കാര്യം ഗവൺമെന്റ് പരിഗണിച്ചിട്ടുണ്ടോ;

(സി) ഇക്കാര്യത്തിൽ ഗവൺമെന്റ് എന്തുനടപടികളാണ് കൈക്കൊള്ളുവാൻ ഉദ്ദേശിക്കുന്നത്?

ആഭ്യന്തരവകുപ്പു മന്ത്രി (ശ്രീ. കെ.എം. മാണി):

(എ) നാഷണൽ പോലീസ് കമ്മീഷന്റെ നിർദ്ദേശങ്ങൾ ഗവൺമെന്റിന് ലഭിച്ചിട്ടില്ല.

(ബി, സി) ചോദ്യം ഉദിക്കുന്നില്ല.

പോലീസും പൊതുജനങ്ങളും തമ്മിലുള്ള ബന്ധം

* 561 [596] ശ്രീ. പി.ടി. കുഞ്ഞുട്ടിഹാജി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസും പൊതുജനങ്ങളും തമ്മിലുള്ള ബന്ധം മെച്ചപ്പെടുത്താൻ ഗവൺമെന്റ് വല്ല പരിപാടിയും ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അവ എന്തെന്ന് വ്യക്തമാക്കാമോ?

ആഭ്യന്തരവകുപ്പു മന്ത്രി (ശ്രീ. കെ.എം. മാണി):

(എ) ഉണ്ട്.

(ബി) ഓരോ ജില്ലയിലേയും പോലീസ് ഉദ്യോഗസ്ഥൻമാരുടേയും, എം.പി./എം.എൽ.എ. മാരുടേയും കൺസൾട്ടേറ്റീവ് കമ്മിറ്റി മീറ്റിംഗ് രണ്ടുമാസത്തിലൊരിക്കൽ അതതു ജില്ലയിൽവച്ച് നടത്താൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

ഡൽഹിയിലുള്ള കേരളാ ഹൗസ് വിപുലപ്പെടുത്താൻ പരിപാടി

* 562 [598] ശ്രീ. കെ. സുകുമാരൻ നായർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ഗവൺമെന്റിന്റെ കീഴിൽ ഡൽഹിയിലുള്ള കേരളാ ഹൗസ്മാതിരിയുള്ള വിശ്രമമന്ദിരങ്ങൾ മറ്റു വല്ലസംസ്ഥാനങ്ങളിലുമുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) സംസ്ഥാനത്തുനിന്നുള്ള ജനപ്രതിനിധികൾക്കും ഉദ്യോഗസ്ഥൻമാർക്കും ഡൽഹി സന്ദർശിക്കുമ്പോൾ വളരെ പ്രയാസങ്ങൾ നേരിടുന്നതു പരിഗണിച്ച് ഡൽഹിയിലെ മന്ദിരം വിപുലപ്പെടുത്താൻ വല്ല പരിപാടികളുമുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. പി.കെ. വാസുദേവൻ നായർ):

(എ) ഉണ്ട്.

(ബി) ഉണ്ട്.

പട്ടികജാതി പട്ടികവർഗ്ഗക്കാർക്കുവേണ്ടി സ്പെഷ്യൽ റിക്രൂട്ട്മെൻറ്

* 563 [599] ശ്രീ. പി.കെ. ചാത്തൻമാസ്റ്റർ:

,, കല്പട നാരായണൻ:

ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി പട്ടികവർഗ്ഗക്കാർക്കുവേണ്ടി സ്പെഷ്യൽ റിക്രൂട്ട്മെൻറ് നടത്തുന്നത് ഏതു പോസ്റ്റിലേക്ക് വേണമെന്ന് നിശ്ചയിക്കുമ്പോൾ വകുപ്പു മേധാവികൾ, ഹയർ പോസ്റ്റുകളെ കൂടി ഉൾപ്പെടുത്തി ഡിസ്ട്രിബ്യൂട്ട് ചെയ്തു നിശ്ചയിക്കണമെന്ന നിർദ്ദേശം ഉണ്ടെങ്കിലും പല ഡിപ്പാർട്ടുമെൻറുകളിലും പോസ്റ്റ് നിശ്ചയിക്കുന്നത് ലോവർ കാറ്റഗറികളിലായി ഒതുക്കി നിർത്തുന്നുണ്ടെന്ന വസ്തുത സർക്കാരിൻെറ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) ഇപ്പോൾ പട്ടികജാതി പട്ടികവർഗ്ഗക്കാർക്ക് സർക്കാർ സർവ്വീസിൽ എല്ലാ കാറ്റഗറികളിലും അർഹമായ പ്രാതിനിധ്യം ലഭിക്കുന്നില്ലെന്ന വസ്തുത സർക്കാരിന് ബോദ്ധ്യപ്പെട്ടിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ ഇപ്പോഴുള്ള സർക്കുലറിൽ എല്ലാ കാറ്റഗറികളിലേക്കും സ്പെഷ്യൽ റിക്രൂട്ട്മെൻറ് നടത്തണമെന്ന് വ്യക്തമായി പറഞ്ഞിട്ടില്ലാത്തതുകൊണ്ട് ഇവർക്ക് എല്ലാ കാറ്റഗറിയിലും അർഹമായ പ്രാതിനിധ്യം ലഭിക്കാൻവേണ്ടി എല്ലാ കാറ്റഗറികളിലേക്കും സ്പെഷ്യൽ റിക്രൂട്ട്മെൻറ് നടത്തണമെന്ന് വ്യക്തമായ ഗവൺമെൻറ് ഉത്തരവ് പുറപ്പെടുവിക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പി.കെ. വാസുദേവൻ നായർ):

(എ) സ്പെഷ്യൽ റിക്രൂട്ട്മെൻറ് വഴി റിസർവ് ചെയ്തിട്ടുള്ള നോൺഗസറ്റഡ് പോസ്റ്റുകളിലേക്കുള്ള നിയമനം, ഡയറക്റ്റ് റിക്രൂട്ട്മെൻറ് പോസ്റ്റുകളിലേക്ക് മാത്രമാണ് നടത്തുന്നത്. എന്നാൽ 13.9.1972 ലെ 88523/ ഇ സി2/72 പി. ഡി. എന്ന ഗവൺമെൻറ് സർക്കുലറിൽ ഉയർന്ന ശമ്പളസ്കെയിലുള്ള തസ്തികകളിലേക്കും നിയമനം നടത്തണമെന്ന് നിർദ്ദേശിച്ചിട്ടുള്ളതിനാൽ ഏറ്റവും താഴ്ന്ന തസ്തികയിൽ മാത്രം ഒതുക്കിനിർത്താതെ എൽ.ഡി. ക്ലാർക്ക്, എൽ.ഡി. ടൈപ്പിസ്റ്റ്, കോൺഫിഡൻഷ്യൽ അസിസ്റ്റൻറ് എന്നീ ഉയർന്ന തസ്തികകളിലേക്കും സ്പെഷ്യൽ റിക്രൂട്ട്മെൻറ് വഴി നിയമനം

LIBRARY ARCHIVES Kerala Legislative Assembly